DESPATCHED
On.04/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1089*(3)/2021*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9312**/എസ്.ഐ.സി-ജി 1/21)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

അഡ്വ.ബിജു സുന്ദർ,
**NRA – 50, " Butterflies",**
തോപ്പിൽ ലെയിൻ, കൊച്ചുള്ളൂർ,
മെഡിക്കൽ കോളേജ് പി.ഒ.,
തിരുവനന്തപുരം – 695 011. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്,
ശങ്കരമംഗലം, ചവറ – 691 583,
കൊല്ലം.

2. അപ്പീൽ അധികാരി,
കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്,
ശങ്കരമംഗലം, ചവറ – 691 583,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.03.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.08.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.08.2021 |
| ഹിയറിംഗ് നടന്ന തീയതി | 11.11.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |



o/c

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവി ച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ 28.03.2021ൽ ഓഫീസിൽ ലഭിച്ചുവെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ മൂന്നാം കക്ഷിയുമായി ബന്ധ പ്പെട്ടതും ആയത് വെളിപ്പെടുത്തുവാൻ മൂന്നാം കക്ഷി താല്പര്യപ്പെടാത്തതുമാണെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ട രേഖകൾ പൊതുതാല്പര്യവുമായി ബന്ധപ്പെട്ടവയുമല്ലാ ത്തതിനാൽ ആയത് ലഭ്യമാക്കാൻ കഴിയില്ല എന്നറിയിച്ചുകൊണ്ട് 15.04.2021ന് മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിക്കുന്ന 19.04.2021 തീയതി യിലെ അപ്പീൽ പരിശോധിച്ചതിൻ പ്രകാരം കമ്പനിയിൽ ലഭ്യമായിട്ടില്ലന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷിക ളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.എന്നാൽ ടി ഓഫീസിലെ ചില ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടികളെ സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ അപേക്ഷ നിരസിക്കുകയാണ് ചെയ്തതെന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീലിനും അപ്പീൽ അധികാരി അനുകൂലമായ നിലപാട് സ്വീകരിച്ചില്ലെന്നുമാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖ കളും റിപ്പോർട്ടും പരിശോധിച്ചതിലും ഹർജിക്കാരൻ ആവശ്യപ്പെട്ടത് മൂന്നാം കക്ഷി വിവരമായതിനാലും ആയത് വെളിപ്പെടുത്തുവാൻ പ്രസ്തുത കക്ഷിയ്ക്ക് താല്പര്യമില്ലാ ത്തതിനാലും രേഖകൾ നൽകാൻ കഴിയില്ല എന്ന എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 3, 4 ഇനങ്ങൾക്ക് രേഖ കളുടെ പകർപ്പ് നൽകാൻ കഴിയില്ലെങ്കിലും മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷൻ നിരീ ക്ഷിക്കുന്നു. ആകയാൽ പ്രസ്തുത ഇനങ്ങൾക്ക് മറുപടി നൽകേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM